**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.4978

**14/11/2019 ൽ മറുപടിക്ക്**

## റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കുമാർ**

**,, മുരളി പെരുനെല്ലി**

**,, ഡി.കെ. മുരളി**

**,, ജോൺ ഫെർണാണ്ടസ്**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | മന്ദഗതിയിലായിരുന്ന റീ-സർവ്വേ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ പുനരാരംഭിക്കാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിജപ്പെടുത്തിയിരുന്ന റീസർവ്വെ പ്രവർത്തനങ്ങൾ 24/01/2017 ലെ സ.ഉ(എം.എസ്)28/2017 റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആധുനിക സാങ്കേതികവിദ്യ സഹായത്തോടെയും, പൊതുജന പങ്കാളിത്തത്തോടെയും കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടുകൂടി പുനരാരംഭിച്ചിട്ടുള്ളതാണ്. ഇതുപ്രകാരം കാസർഗോഡ് ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ ഹോസ്ദുർഗ് താലൂക്കിലെ 10 വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 25 വില്ലേജുകളുടെ റീസർവ്വെ പൂർത്തീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും നിലവിൽ 30 വില്ലേജുകളുടെ റീസർവെ പ്രവർത്തനങ്ങൾ നടന്ന് വരുന്നതുമാണ്. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപ്പിലാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാൻഡ് സർവെ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർവ്വെ വകുപ്പ് പുനസംഘടിപ്പിച്ചും, ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ചും സർവെ നടപടികൾ ത്വരിതപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ച് വരുന്നു. |
| (സി) | റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ ദ്രുതഗതിയിൽ തീർപ്പാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (സി) | 26.08.17 ലെ സ.ഉ(എം.എസ്) 303/2017/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീസർവെ സംബന്ധിച്ച പരാതി പരിഹരിക്കുന്നത് ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും, ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച് വരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് താലൂക്കിൽ ലാവണമുള്ള സർവെ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവെ ജീവനക്കാരെ റീസർവെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. |
| (ഡി) | റീ-സർവ്വേ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഡയറക്ടറേറ്റിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | റീസർവ്വേ പ്രവർത്തനങ്ങളുടെ ഏകോപനം, കാര്യക്ഷമമായ പ്രവർത്തനം എന്നിവ മുൻനിർത്തി എല്ലാ ജില്ലകളിലേയും മുതിർന്ന സർവ്വെ ഓഫീസർമാരെ ഉൾപ്പെടുത്തി സർവ്വേ ഡയറക്ടറേറ്റിൽ മാസംതോറും വീഡിയോ കോൺഫറൻസിലൂടെ പുരോഗതി വിലയിരുത്തി അവലോകനം നടത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഇ) | റീ-സർവ്വേ സമയബന്ധിതമായി തീർപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള അംഗീകൃത ഏജൻസികളെ ഏൽപ്പിക്കുന്നതിനും അതിന്റെ മേൽനോട്ടവും അന്തിമ തീർപ്പും സർവ്വേ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ളവരെയും സർവ്വെ ട്രെയിനിംഗ് സ്കൂളിൽ നിന്നും ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാൻഡ് സർവെ നടപ്പിലാക്കുന്നതിനുള്ള പരീക്ഷണ സർവെ നടത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ